പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1462 — 21.03.2012-ൽ മറുപടിയ്ക്ക്

## ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| എ. ഗ്രാമവികസന വകുപ്പിൽ ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് എന്ന സ്ഥാപനം എന്നാണ് നിലവിൽ വന്നത് ; എന്തെല്ലാമാണ് സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ; | എ. ഇൻഫ്രാസ്ട്രക്ച്ചേഴ്സ് കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന സ്ഥാപനം 2007-ൽ നിലവിൽ വന്നു. ഇത് ഗ്രാമവികസന വകുപ്പിന്റെ കീഴിലല്ല. കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കുക എന്നതാണ് സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. |
| ബി. ഇതിന്റെ ചുമതല നിർവ്വഹിയ്ക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇതിനുള്ള ഫണ്ട് ലഭ്യമാക്കുന്നത് എങ്ങനെയാണ് ; | ബി. ഈ സ്ഥാപനത്തിന്റെ ചുമതല ഡയറക്ടർ ബോർഡിനും എം.ഡി യ്ക്കുമാണ്. ഇതിനുള്ള ഫണ്ട് സർക്കാരിന്റേത് ഉൾപ്പെടെയുള്ള ഓഹരിയിലൂടെ സമാഹരിച്ചതാണ്. |
| സി. കഴിഞ്ഞ സാമ്പത്തിക വർഷം എന്തെല്ലാം പ്രവൃത്തികൾ എവിടെയെല്ലാമാണ് നിർവ്വഹിച്ചത് ; | സി. ഈ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2011-2012) താഴെപ്പറയുന്ന പദ്ധതികളാണ് ഏറ്റെടുത്തു നടത്തുന്നത്.<br>1. അങ്കമാലിയിൽ ടെൽക്കിനു സമീപം സ്ഥാപിക്കുന്ന സ്റ്റാൻഡേർഡ് ഡിസൈൻ മോഡ്യൂൾ (5000 ചതുരശ്ര അടിയിലുള്ള 40 മോഡ്യൂളുകളുള്ള ഫാക്ടറി / ഓഫീസ് സമുച്ചയം). |

2. പാണക്കാട്, മലപ്പുറത്തു സ്ഥാപിക്കുന്ന എഡ്യു ഹെൽത്ത് സിറ്റി.

3. വല്ലാർപാടത്തു തുടങ്ങുന്ന "കാർഗോ & ലോജിസ്റ്റിക്ക്സ് സെന്റർ".

4. തൃശ്ശൂർ തളിക്കുളത്തു "പുര" പദ്ധതി.

5. മലപ്പുറം, തിരുരങ്ങാടിയിൽ "പുര" പദ്ധതി.

| | | | |
|---|---|---|---|
| ഡി. | പദ്ധതികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ ; | ഡി. | കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷൻ അനുവദിക്കുന്ന പദ്ധതികളാണ് ഏറ്റെടുക്കുന്നത്. |
| ഇ. | 'പുര' (പ്രൊവിഷൻ ഓഫ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയാസ്) എന്ന കേന്ദ്ര ഗ്രാമ വികസന വകുപ്പിന്റെ പദ്ധതിയുടെ പ്രവർത്തന ലക്ഷ്യങ്ങളും നടത്തിപ്പും സംബന്ധിച്ച ഗൈഡ് ലൈനിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | ഇ. & എഫ്. | പുര പദ്ധതിയുടെ ഗൈഡ്ലൈനിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പുര പദ്ധതി പ്രകാരം പ്രോജക്റ്റ് സമർപ്പിക്കേണ്ടത് ഇതിനായി കേന്ദ്ര ഗവൺമെന്റ് തെരഞ്ഞെടുക്കുന്ന പ്രൈവറ്റ് പാർട്ണർ മുഖേനയാണ് . |
| എഫ്. | എപ്രകാരമാണ് പദ്ധതികൾ സമർപ്പിക്കേണ്ടത്; പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്